2026
SEPTEMBER
04
FRIDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

# കർണാടകയിൽ മുൻനിര വാഹന നിർമാതാക്കളുടെയും റിയൽ എസ്റ്റേറ്റ് കമ്പനികളുടെയും വൻ നിക്ഷേപം

**ബെംഗളൂരു:** കർണാടകയിൽ മുൻനിര വാഹന നിർമാതാക്കളുടെയും റിയൽ എസ്റ്റേറ്റ് കമ്പനികളുടെയും നിക്ഷേപം വരുന്നു.പുതിയ പദ്ധതികളിലൂടെയും നിലവിലെ പദ്ധതികളുടെ വിപുലീകരണത്തിലൂടെയും മൊത്തം 30,000 കോടിയോളം രൂപയുടെ നിക്ഷേപമാണ് കമ്പനികൾ പ്രഖ്യാപിച്ചത്. 66,000ൽപ്പരം ആളുകൾക്ക് പുതുതായി ജോലിയും ലഭിക്കും.

മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ അധ്യക്ഷനായ ഉന്നതതല ക്ലിയറൻസ് കമ്മിറ്റി 9 പുത്തൻ നിക്ഷേപ പദ്ധതികൾക്കും 8 വിപുലീകരണ പദ്ധതികൾക്കുമാണ് അനുമതി നൽകിയത്. പുതിയ പദ്ധതികളിലൂടെ മാത്രം 25,710.56 കോടി രൂപ കർണാടകയിലെത്തും. 64,349 പേർക്ക് തൊഴിലും ലഭിക്കും. ഹീറോ ഫ്യൂച്ചർ എനർജീസ് 9760 കോടി രൂപ നിക്ഷേപിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇതുവഴി പുതുതായി ജോലി ലഭിക്കുന്നത് 3200 പേർക്കാണ്.



മഹീന്ദ്ര എയറോനോട്ടിക്സ് 2300 കോടി നിക്ഷേപം വാഗ്ദാനം ചെയ്തു. തൊഴിലവസരം 3000. വൈബ്രൻസി റിയൽ എസ്റ്റേറ്റ് 2195.94 കോടി രൂപ നിക്ഷേപിച്ച് പുതുതായി 30,000 തൊഴിലവസരം സൃഷ്ടിക്കും. ട്രോൾട്ട് ബയോഎനർജി എന്ന കമ്പനി 2988 കോടിയുടെ പദ്ധതിയൊരുക്കി 21,436 പേർക്ക് തൊഴിൽ ലഭ്യമാക്കും.

ടൊയോട്ട കിർലോസ്കർ മോട്ടോർ 1200 കോടി രൂപയാണ് നിക്ഷേപിക്കുന്നത്. 500 പേർക്ക് പുതുതായി തൊഴിലും ലഭിക്കും. ഏക്കസ് കൺസ്യൂമർ പ്രോഡക്ട്സ്, എപ്സിലോൺ കാം, നിറാണി ഷുഗേഴ്സ്, ലൈറ്റ്ഹൗസ് കാന്റൺ ഓൾട്ടർനേറ്റീവ് അസറ്റ് മാനേജർ എന്നിവയാണ് പുതിയ പദ്ധതികളും തൊഴിലവസരങ്ങളും ഒരുക്കുന്ന മറ്റ് കമ്പനികൾ.

ടിവിഎസ് മോട്ടോർ, ഹോണ്ട കാർസ്, ഭീമ ഫൈൻ കെമിക്കൽസ്, എൻഷുവർ റിലയബിൾ പവർ സൊല്യൂഷൻസ്, സൻസേറ എൻജിനീയറിങ് തുടങ്ങിയവയാണ് നിലവിലെ പദ്ധതികളിൽ അധിക നിക്ഷേപം നടത്തുന്നതും കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുന്നതും. ഓരോ പുത്തൻ പദ്ധതിക്കും ലൈസൻസ് അനുവദിക്കും മുൻപ്, പദ്ധതി സംബന്ധിച്ച് വിശദമായ പ്രീഓഡിറ്റിങ് നടത്തണമെന്ന് മുഖ്യമന്ത്രി ഡി.കെ.ശിവകുമാർ നിർദേശിച്ചിട്ടുണ്ട്. കർണാടകയുടെ വ്യവസായനയം കമ്പനികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം.

# പാസഞ്ചർ വാഹനങ്ങളുടെ വില്പന ഓഗസ്റ്റിൽ ഉയർന്നു

**മുംബൈ:** മാരുതി സുസുക്കി, ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര എന്നിവയുടെ വിൽപനയിലുണ്ടായ കരുത്തിൽ രാജ്യത്ത് പാസഞ്ചർ വാഹനങ്ങളുടെ വിൽപനയിൽ കുതിപ്പ്.

ആഭ്യന്തര പാസഞ്ചർ വാഹനങ്ങളുടെ വില്പനയിൽ മുൻ വർഷം സമാനമാസത്തെ അപേക്ഷിച്ച് 35 ശതമാനം വർധനയാണ് ഓഗസ്റ്റിൽ രേഖപ്പെടുത്തിയത്. 4.5 ലക്ഷം യൂണിറ്റുകളുടെ വിൽപനയാണ് നടന്നത്. മുൻ വർഷം ഇതേ മാസം 3.30 ലക്ഷം യൂണിറ്റുകളാണ് വിറ്റത്.

വാഹന വിൽപനയിൽ മാരുതി സുസുക്കി തന്നെയാണ് ഒന്നാമത്. ഓഗസ്റ്റിൽ മുൻ വർഷത്തെ അപേക്ഷിച്ച് വില്പനയിൽ 35 ശതമാനം വർധന രേഖപ്പെടുത്താൻ കന്പനിക്ക് സാധി



ച്ചു. ആഭ്യന്തര വിപണിയിൽ ഇക്കാലയളവിൽ വിറ്റത് 1,76,971 യൂണിറ്റുകളാണ്. മുൻവർഷം ഓഗസ്റ്റിൽ ഇത് 1,31,278 യൂണിറ്റുകളായിരുന്നു. എന്നാൽ, പ്രതിമാസ കണക്കിൽ ജൂലൈയിലെ 1,96,203നേക്കാൾ കുറവാണ്.

ടാറ്റ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസിൻറെ ആഭ്യന്തര വില്പന മുൻ വർഷത്തെ 41,001 യൂണിറ്റിൽ നിന്ന് 59 ശതമാനം ഉയർന്ന് 65,253 യൂണിറ്റിലെത്തി.

ടാറ്റയുടെ ഇവി മോഡലുകളുടെ വില്പനയിൽ 94 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. 2025 ഓഗസ്റ്റിൽ വില്പന 8,540 യൂണിറ്റുകളായിരുന്നത് 16,549 യൂണിറ്റായി ഉയർന്നു.

മഹീന്ദ്രയ്ക്കും ഓഗസ്റ്റ് നേട്ടങ്ങളുടെ മാസമായിരുന്നു. ആഭ്യന്തര മാർക്കറ്റിൽ 50 ശതമാനം വളർച്ചയോടെ 59,257 യൂണിറ്റുകൾ വിറ്റഴിച്ചു.

വാർഷികകണക്കിൽ ഹ്യൂണ്ടായ് മോട്ടോർ ഇന്ത്യ, കിയ ഇന്ത്യ, എംജി, ഹോണ്ട, നിസാൻ എന്നിവയും വിൽപനയിൽ വളർച്ച രേഖപ്പെടുത്തി. റെനോട്ട്, ടൊയോട്ട എന്നിവയ്ക്ക് ഇടിവ് നേരിട്ടു.



# ടാർ വില കുത്തനേ കൂടി; റോഡ് നിർമാണം പ്രതിസന്ധിയിൽ

**കൊച്ചി:** ടാർ വില കുത്തനെ കൂടിയതോടെ സംസ്ഥാനത്തു റോഡ് നിർമാണം പ്രതിസന്ധിയിൽ. പശ്ചിമേഷ്യൻ യുദ്ധത്തെത്തുടർന്നാണ് പെട്രോളിയം ഉത്പന്നമായ ടാറിൻറെ വില വർധിച്ചത്. ഇതോടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയ പല റോഡുകളുടെയും നിർമാണം അവതാളത്തിലായിരിക്കുകയാണ്.

നിലവിലെ നിരക്കിൽ നിർമാണം തുടരുന്നത് സാമ്പത്തികബാധ്യതയ്ക്ക് ഇടയാക്കുമെന്ന് ഗവൺമെൻറ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ വ്യക്തമാക്കി. ഈ സാഹചര്യത്തിൽ എല്ലാ കരാറുകൾക്കും വില വ്യതിയാനവ്യവസ്ഥ സർക്കാർ ഏർപ്പെടുത്തണമെന്നാണ് ഇവരുടെ ആവശ്യം.

മാർച്ചിൽ കിലോയ്ക്ക് 40 മുതൽ 45 രൂപ വരെയായിരുന്ന ടാറിന് നിലവിൽ 120 മുതൽ 140 രൂപ വരെയാണു നൽകേണ്ടത്. ഗുണനിലവാരം വർധിപ്പിക്കാൻ ഗ്രാമീണ റോഡുകളുടെ ഉൾപ്പടെ നിർമാണം ബിഎംബിസി നിലവാരത്തിലേക്ക് ഉയർത്തിയതോടെ പരമ്പരാഗത നിർമാണരീതിയേക്കാൾ നാലിരട്ടി ടാറാണ് ആവശ്യമായി വരുന്നത്.

വില വർധനയെത്തുടർന്ന് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സംസ്ഥാനത്തു നടക്കേണ്ട റോഡ് നവീകരണ ജോലികൾ പലയിടത്തും ഇപ്പോഴും ഇഴഞ്ഞുനീങ്ങുകയാണ്. പലയിടത്തും പണികൾ ആരംഭിച്ചിട്ടുപോലുമില്ല. ടാറിൻറെ വിലക്കൂടുതൽ കാരണം ഏറ്റെടുത്ത പണികൾ പൂർത്തിയാക്കാൻ ദേശീയപാത അതോറിറ്റി കരാറുകാർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. അതേരീതിയിൽ സംസ്ഥാനസർക്കാരും നഷ്ടപരിഹാരം നൽകണമെന്ന് കരാറുകാരും ആവശ്യപ്പെടുന്നു.

18 മാസത്തിലധികം പൂർത്തിയാക്കാൻ കാലാവധിയുള്ള റോഡ് പണികൾക്കു വിലവ്യതിയാന വ്യവസ്ഥ ബാധകമായതിനാൽ അവയുടെ കരാറുകാർക്കാണു നഷ്ടപരിഹാരം ലഭിക്കുന്നത്. 18 മാസത്തിൽ കുറവ് പൂർത്തിയാക്കാൻ കാലാവധിയുള്ള ചെറുകിട, ഇടത്തരം പ്രവൃത്തികൾക്കു മാത്രമാണ് വിലവർധന മൂലമുള്ള നഷ്ടപരിഹാരം ലഭിക്കാത്തത്.

അടങ്കൽ തുകയോ പൂർത്തിയാക്കൽ കാലാവധിയോ പരിഗണിക്കാതെ എല്ലാ പ്രവൃത്തികൾക്കും വിലവ്യതിയാന വ്യവസ്ഥ മുൻകാല പ്രാബല്യത്തോടെ ബാധകമാക്കണമെന്നാണ് കരാറുകാരുടെ ആവശ്യം. പിഡബ്ല്യുഡി സ്പെഷ്യൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന യോഗത്തിൽ ഈ ആവശ്യം കരാറുകാർ മുന്നോട്ടുവയ്ക്കും.

അതിനിടെ റോഡ് നിർമാണത്തിനാവശ്യമായ മെറ്റലിനും ക്ഷാമം നേരിടുകയാണ്. 3000ഓളം ക്വാറികൾ ഉണ്ടായിരുന്ന സംസ്ഥാനത്തു നിലവിൽ 150 ഓളം മാത്രമാണു പ്രവർത്തിക്കുന്നത്. തമിഴ്നാട്ടിൽനിന്നുള്ള മെറ്റൽ വരവ് നിലച്ചതും പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്.




# റിലയൻസ് ഐസ്ക്രീം വിപണിയിലേക്ക്; ഐസ്ക്രീം വില 10 രൂപ മുതൽ

**മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസിന്റെ കൺസ്യൂമർ ഗുഡ്സ് വിഭാഗം 10 രൂപ മുതൽ ആരംഭിക്കുന്ന ഉൽപന്നങ്ങളുമായി പുതിയ ഐസ്ക്രീം ബ്രാൻഡ് പുറത്തിറക്കി. 'ബോംബെ ക്രീമറി' എന്ന് പേരിട്ടിരിക്കുന്ന പുതിയ ഐസ്ക്രീം ബ്രാൻഡിൽ കോണുകൾ, കപ്പുകൾ, ടബ്ബുകൾ, ബാറുകൾ, സ്റ്റിക്കുകൾ എന്നിവ ലഭ്യമാകും. പാക്കേജ്ഡ് ഗുഡ്സ് വിപണിയിലേക്കുള്ള തങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായാണ് റിലയൻസിന്റെ പുതിയ നീക്കം.




ബോംബെ ക്രീമറി ഐസ്ക്രീമുകൾ നിലവിൽ പശ്ചിമേന്ത്യൻ വിപണിയിൽ ലഭ്യമാണെന്നും ഉടൻ തന്നെ രാജ്യവ്യാപകമായി വിതരണത്തിനെത്തിക്കുമെന്നും കമ്പനി അറിയിച്ചു. ഉൽപന്നങ്ങളിൽ യഥാർഥ ഡെയറി ക്രീം ആണെന്നും കൃത്രിമ ചേരുവകൾ ഉപയോഗിക്കില്ലെന്നും കമ്പനി വ്യക്തമാക്കി.




# എക്സ് വൺ ലോംഗ് വീൽബേസ് പുറത്തിറക്കി ബിഎംഡബ്ല്യു

**കൊച്ചി:** പ്രമുഖ വാഹനനിർമാതാക്കളായ ബിഎംഡബ്ല്യു ചെന്നൈയിലെ പ്ലാൻറിൽ നിർമിച്ച പുതിയ എക്സ് വൺ ലോംഗ് വീൽബേസ് പതിപ്പ് പുറത്തിറക്കി. 49.90 ലക്ഷം രൂപയാണ് എക്സ്ഷോറൂം വില.

4,616 മില്ലീമീറ്റർ നീളവും 2,104 മില്ലീമീറ്റർ വീതിയും 1,641 മില്ലീമീറ്റർ ഉയരവും 2,800 മില്ലീമീറ്റർ വീൽബേസുമുള്ള ഈ വാഹനം ഈ സെഗ്മെൻറിലെ ഏറ്റവും നീളം കൂടിയ മോഡലാണ്.

1.5 ലിറ്റർ ടിൻപവർ ടർബോ പെട്രോൾ എൻജിനാണ് വാഹനത്തിന് കരുത്തേകുന്നത്.




മുട്ട വ്യാപാരികളുടെ സംഘടന രൂപീകരണ യോഗവും പ്രഥമ സംസ്ഥാന സമ്മേളനവും രക്ഷാധികാരി സി കെ ജമാൽ ഉദ്ഘാടനം ചെയ്യുന്നു.ജോർജ് എടത്തിൽ, ജിൻ വർഗ്ഗീസ്,സി.എം. ബൈജു എന്നിവർ സമീപം.

# മുട്ട വ്യാപാരികൾ സംഘടന രൂപീകരിച്ചു

**കൊച്ചി:** എറണാകുളം കേന്ദ്രമാക്കി 'യുണൈറ്റഡ് എഗ്ഗ് മെർച്ചന്റ്സ് വെൽഫെയർ അസോസിയേഷൻ' എന്ന പേരിൽ സംഘടന രൂപീകരിച്ചതായി മുട്ട വ്യാപാരികൾ അറിയിച്ചു. മുട്ടയ്ക്ക് അടിക്കടിയുണ്ടാകുന്ന അനിയന്ത്രിതമായ വിലക്കയറ്റം വ്യാപാരികളെയും, ഉപഭോക്താക്കളെയും ഒരുപോലെ ബുദ്ധിമുട്ടിലാക്കുന്നതായി യോഗം വിലയിരുത്തി. മുട്ടയ്ക്ക് വില സ്ഥിരത ഉറപ്പാക്കാനായി മുട്ട ഉൽപാദകരുമായും, വിവിധി സംസ്ഥാന സർക്കാരുകളുമായും ആശയവിനിമയം നടത്താൻ കൊച്ചിയിൽ കൂടിയ പ്രഥമ സംസ്ഥാന സമ്മേളനം തീരുമാനിച്ചു. സംഘടനയുടെ ഭാരവാഹികളെയും യോഗം തിരഞ്ഞെടുത്തു.

സി.കെ. ജമാൽ (രക്ഷാധികാരി) ജിൻ വർഗ്ഗീസ് (പ്രസിഡന്റ്) സി.എം. ബൈജു (ജനറൽ സെക്രട്ടറി) ജോബി ജോർജ്ജ് (ട്രഷറർ) എ.കെ.കബീർ, പി.അബ്ദുൾ സത്താർ,പി എം ഫൈസൽ, ബദറുദ്ദീൻ, മണി (വൈസ് പ്രസിഡന്റുമാർ) എ എൻ.പ്രസാദ്, മുഹമ്മദ് അനസ്, സാജൻ കെ ജോയ്, വി.പി. കുഞ്ഞുമോൻ, കെഎ.ശരത് ലാൽ (ജോയിന്റ് സെക്രട്ടറിമാർ) എന്നിവരാണ് ഭാരവാഹികൾ.

# അധ്യാപക പി എസ് സി റാങ്ക്ലിസ്റ്റ് കാലാവധി നീട്ടി

**തിരുവനന്തപുരം:** സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അധ്യാപക നിയമനത്തിനുള്ള 18 പി എസ് സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറുമാസത്തേക്ക് നീട്ടിയതായി മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. 2026 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കാലാവധി അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് നീട്ടുന്നത്.

പ്രീപ്രൈമറി ടീച്ചർ (519/2019), എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) 203/2021, എച്ച്.എസ്.ടി. (മലയാളം) 255/2021, എച്ച്.എസ്.ടി. (ഹിന്ദി) 562/2021, എച്ച്.എസ്.ടി. (ഇംഗ്ലീഷ്) 254/2021, എച്ച്.എസ്.ടി. (മാത്തമാറ്റിക്സ്) 383/2020, എച്ച്.എസ്.ടി. (നാച്ചറൽ സയൻസ്) 384/2020, ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) 520/2019, പാർട് ടൈം എച്ച്.എസ്.ടി (ഹിന്ദി) 422/2019, എച്ച്.എസ്.ടി. ഡ്രോയിംഗ് ടീച്ചേഴ്സ് 524/2019, പാർടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക് യു.പി.എസ്.) 402/2020, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ യു.പി.എസ്. 525/2019, എച്ച്.എസ്.എസ്.ടി. (ഇംഗ്ലീഷ്) 728/2021, എച്ച്.എസ്.എസ്.ടി. ജൂനിയർ ഇംഗ്ലീഷ് 730/2021, എച്ച്.എസ്.എസ്.ടി. (ഹിസ്റ്ററി) 486/2019, എച്ച്.എസ്.എസ്.ടി. (ജൂനിയർ സുവോളജി) 738/2021, എച്ച്.എസ്.എസ്.ടി. (ജൂനിയർ ജ്യോഗ്രഫി) 736/2021, എച്ച്.എസ്.എസ്.ടി. (ജൂനിയർ ബോട്ടണി) 737/2021 എന്നീ റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് ദീർഘിപ്പിച്ചത്.

സെൻസസ് ഡ്യൂട്ടി, ബി.എൽ.ഒ ചുമതലകൾ, സ്ഥലംമാറ്റ നടപടികളിലെ കാലതാമസം, സ്റ്റാഫ് ഫിക്സേഷൻ വൈകിയത് തുടങ്ങിയ കാരണങ്ങളാൽ അധ്യാപക ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിലുണ്ടായ കാലതാമസം പരിഹരിക്കാനാണ് നടപടിയെന്ന് മന്ത്രിസഭായോഗത്തിന് ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

ലഹരിമരുന്ന് കേസുകളുടെ വിചാരണ വേഗത്തിലാക്കാൻ പാലക്കാട്, മഞ്ചേരി, തൃശൂർ ജുഡീഷ്യൽ ജില്ലകളിൽ മൂന്ന് പുതിയ എൻഡിപിഎസ് പ്രത്യേക കോടതികൾ സ്ഥാപിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മൂന്ന് കോടതികളിലുമായി 33 പുതിയ തസ്തികകൾ സൃഷ്ടിക്കും. തിരുവനന്തപുരം, എറണാകുളം എൻഡിപിസ് കോടതികളിലെ സ്ഥിരം തസ്തികകളുടെ എണ്ണം എട്ടിൽ നിന്ന് പതിനൊന്നായി ഉയർത്തും. പുതിയ കോടതികളും ജീവനക്കാരുടെ നിയമനവും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെങ്കിലും ലഹരിമരുന്നിനെതിരായ ശക്തമായ നടപടികളുടെ ഭാഗമായാണ് തീരുമാനമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

# മനുഷ്യ വന്യജീവി സംഘർഷം: നിയമഭേദഗതിക്ക് ഇടപെടൽ നടത്തുമെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** മനുഷ്യവന്യജീവി സംഘർഷത്തിൽ ശാശ്വത പരിഹാരത്തിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. മനുഷ്യവന്യജീവി സംഘർഷ ലഘൂകരണ കർമ്മ പദ്ധതി തയാറാക്കുന്നതിന്റെ ഭാഗമായി ചേർന്ന മന്ത്രിമാരുടെയും വനാതിർത്തി മണ്ഡലങ്ങളെ പ്രതിനിധികരിക്കുന്ന എംഎൽഎമാരുടെയും എംപിമാരുടെയും സമ്മേളനം നിയമസഭാ ബാങ്കെറ്റ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യജീവി ശല്യം നിയന്ത്രിക്കാൻ 1972ലെ വന്യജീവി സംരക്ഷണ നിയമത്തിൽ കാലോചിതമായ ഭേദഗതികൾ ആവശ്യമാണ്. കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനും വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുന്നതിനുമുള്ള അധികാരം സംസ്ഥാനത്തിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക സംഘം കേന്ദ്ര സർക്കാരിനെ സമീപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വനങ്ങളിൽ ഭക്ഷണത്തിന്റെയും വെള്ളത്തിന്റെയും ലഭ്യതക്കുറവാണ് വന്യജീവികൾ നാട്ടിലിറങ്ങാനുള്ള പ്രധാന കാരണമെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സ്വാഭാവിക വനങ്ങൾക്ക് പകരം പ്ലാന്റേഷനുകൾ വ്യാപിച്ചതും വന്യജീവികളുടെ ആവാസവ്യവസ്ഥയെ ബാധിച്ചിട്ടുണ്ട്. കാടിനുള്ളിൽ തന്നെ ഭക്ഷണവും വെള്ളവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കും. വയനാട് ഉൾപ്പെടെയുള്ള മേഖലകളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലും അധികമുള്ള കടുവകളെ മറ്റ് ടൈഗർ റിസർവുകളിലേക്ക് മാറ്റുന്ന കാര്യം കേന്ദ്രവുമായി ചർച്ച ചെയ്യും. വന്യജീവികളെ തുരത്തുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങളും കിടങ്ങുകൾ, വേലികൾ തുടങ്ങിയ പ്രതിരോധ സംവിധാനങ്ങളും കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും.


വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും കാർഷിക വിളകൾ നശിക്കുന്നവർക്കുമുള്ള നഷ്ടപരിഹാരം വർധിപ്പിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. വനംവകുപ്പ് ഉദ്യോഗസ്ഥരും കർഷകരും തമ്മിലുള്ള അകലം ഒഴിവാക്കി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്. തദ്ദേശ സ്ഥാപനങ്ങളും ജനപ്രതിനിധികളും വനംവകുപ്പും പൊതുജനങ്ങളും ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ മനുഷ്യവന്യജീവി സംഘർഷത്തിന് ശാശ്വത പരിഹാരം കാണാനാകൂവെന്നും വനാതിർത്തികളിൽ ഭീതിയോടെ കഴിയുന്ന കർഷകർക്കും സാധാരണക്കാർക്കുമൊപ്പം സർക്കാർ ഉണ്ടാകുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

വന്യജീവിമനുഷ്യ സംഘർഷം പരിഹരിക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി കേരളത്തെ 14 മേഖലകളായി തിരിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതായി വനംവന്യജീവി വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കർഷകരെ വിശ്വാസത്തിലെടുത്താകും പദ്ധതികൾ നടപ്പാക്കുക. വിളനാശത്തിനുള്ള നഷ്ടപരിഹാരം വർധിപ്പിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. അടിയന്തര ഇടപെടലുകൾക്കായി നിയോജകമണ്ഡലം, പഞ്ചായത്ത് തലങ്ങളിൽ പ്രത്യേക സമിതികളും പ്രാദേശിക കമാൻഡ് സെന്ററുകളും രൂപീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിലെ ജനജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന വന്യജീവി ശല്യത്തിന് ശാശ്വത പരിഹാരം വേണമെന്ന് പരിസ്ഥിതി വകുപ്പ് മന്ത്രി സണ്ണി ജോസഫ് പറഞ്ഞു. വന്യജീവി ആക്രമണങ്ങളിൽ ഇരയാകുന്നവർക്ക് മികച്ച നഷ്ടപരിഹാരവും ചികിത്സാ സഹായവും ഉറപ്പാക്കാൻ മോട്ടോർ വാഹന അപകടങ്ങളുടെ മാതൃകയിൽ ട്രൈബ്യൂണൽ സംവിധാനം വേണം.

സോളാർ ഫെൻസിങ് ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് കേന്ദ്ര, നബാർഡ് ഫണ്ട് ലഭ്യമാക്കണമെന്നും കാട്ടുപന്നികളെ നിയന്ത്രിക്കാൻ കേന്ദ്രനുമതിയോടെ കൃത്യമായ നടപടികൾ വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. പരിസ്ഥിതിലോല പ്രദേശ നിർണ്ണയത്തിൽ ജനവാസ മേഖലകളും കൃഷിയിടങ്ങളും പൂർണമായി ഒഴിവാക്കി ജനങ്ങളുടെ താൽപര്യം സംരക്ഷിച്ചായിരിക്കും സർക്കാർ നടപടി സ്വീകരിക്കുകയെന്നും മന്ത്രി വ്യക്തമാക്കി.





# 12 വർഷത്തെ അസഹനീയമായ വേദനക്ക് അറുതി: യുവതിയുടെ നട്ടെല്ലിൽ കുടുങ്ങിയ ഗ്ലാസ് കഷ്ണങ്ങൾ പുറത്തെടുത്ത് വി.പി.എസ് ലേക്‌ഷോർ

**കൊച്ചി:** നീണ്ട 12 വർഷത്തെ കാത്തിരിപ്പിനൊടുവിൽ, കൊല്ലം കരുനാഗപ്പള്ളി സ്വദേശിനിയായ എസ്.ബി. മനുവിന് (44) ആശ്വാസമേകി വി.പി.എസ് ലേക്‌ഷോർ ഹോസ്പിറ്റൽ. യുവതിയുടെ നട്ടെല്ലിന് സമീപം കുടുങ്ങിക്കിടന്ന മൂന്ന് സെന്റീമീറ്ററോളം വലിപ്പമുള്ള ഗ്ലാസ് കഷ്ണങ്ങൾ വിദഗ്ധ ശസ്ത്രക്രിയയിലൂടെ പുറത്തെടുത്തു. സ്പൈൻ ആൻഡ് സ്കോളിയോസിസ് സർജറി വിഭാഗം ഡയറക്ടർ ഡോ. ആർ. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലാണ് ഈ സങ്കീർണ്ണമായ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.

12 വർഷങ്ങൾക്ക് മുൻപ് എട്ട് മാസം ഗർഭിണിയായിരിക്കെ ഗ്ലാസ് ടീപ്പോയിലേക്ക് വീണാണ് മനുവിന് പരിക്കേറ്റത്. അന്ന് പ്രാഥമിക ചികിത്സ നൽകിയെങ്കിലും നട്ടെല്ലിന് സമീപം കുടുങ്ങിയ ചില ഗ്ലാസ് കഷ്ണങ്ങൾ കണ്ടെത്തിയിരുന്നില്ല. തുടർന്ന് വർഷങ്ങളോളം കടുത്ത നടുവേദനയും ഉറക്കമില്ലായ്മയും അനുഭവിച്ച മനുവിന് ജോലി ചെയ്യാനോ ദിനചര്യകൾ പൂർത്തിയാക്കാനോ കഴിയാത്ത അവസ്ഥയായിരുന്നു. നിരവധി ആശുപത്രികൾ കയറിയിറങ്ങിയെങ്കിലും കൃത്യമായ കാരണം കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. അടുത്തിടെ നടത്തിയ വിദഗ്ധ പരിശോധനകൾക്ക് ശേഷം വി.പി.എസ് ലേക്‌ഷോറിലെത്തിച്ച് ത്രിഡി സി.ടി സ്കാൻ ചെയ്തപ്പോഴാണ് നട്ടെല്ലിന് സമീപം ഗ്ലാസ് കഷ്ണങ്ങൾ കുടുങ്ങിക്കിടക്കുന്നതായി വ്യക്തമായത്. ഡോ. കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ റേഡിയോളജി, അനസ്തേഷ്യോളജി വിഭാഗങ്ങളിലെ വിദഗ്ധരടങ്ങിയ സംഘം നടത്തിയ ശസ്ത്രക്രിയയിലൂടെയാണ് ഗ്ലാസ് കഷ്ണങ്ങൾ വിജയകരമായി നീക്കം ചെയ്തത്. വർഷങ്ങൾ നീണ്ട നിരാശയ്ക്കും അസഹനീയമായ വേദനയ്ക്കും ഒടുവിൽ പരിഹാരം കണ്ടതിന്റെ ആശ്വാസത്തിലാണ് മനുവും കുടുംബവും.

# ഹൃദയരാഗം ഹാപ്പിനെസ് സെന്റർ: അരോഗ്യമേഖല കരുത്തുറ്റതാക്കും: ആരോഗ്യ മന്ത്രി

**തിരുവനന്തപുരം:** ജീവിതശൈലീ രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി രോഗനിർണയം നടത്തുന്നതിനായി 'ഹൃദയരാഗം' എന്ന പ്രത്യേക ക്യാമ്പയിന് വകുപ്പ് തുടക്കം കുറിക്കുകയാണെന്ന് ആരോഗ്യമന്ത്രി കെ. മുരളീധരൻ. ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധം, സ്ക്രീനിംഗ്, ചികിത്സ എന്നിവയ്ക്ക് ഏകോപിത ചികിത്സ ഉറപ്പാക്കുവാനായി നടപ്പിലാക്കുന്ന സാമൂഹികാധിഷ്ഠിത പൊതുജനാരോഗ്യ കാമ്പയിനാണ് ഹൃദയരാഗമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അടിസ്ഥാനമാക്കിയാണ് ക്യാമ്പയിൻ നടപ്പാക്കുക. 18 വയസ്സിനു മുകളിലുള്ള എല്ലാവരെയും ഉൾപ്പെടുത്തി സ്ക്രീനിംഗും രോഗസാധ്യതാ വിശകലനവും നടത്തി ഓരോ വ്യക്തിയെയും റിസ്ക് വിഭാഗങ്ങളായി തരംതിരിക്കുകയും, രോഗസാധ്യത കണ്ടെത്തുന്നവരെ വിദഗ്ധ ചികിത്സ, പരിശോധന, ചികിത്സ, തുടർസേവനങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. ഉയർന്ന റിസ്കുള്ളവർക്ക് 24 മണിക്കൂറിനുള്ളിലും, മറ്റുള്ളവർക്ക് രണ്ടാഴ്ചയ്ക്കുള്ളിലും പരിശോധന, ചികിത്സ എന്നിവ ഉറപ്പാക്കും.

പുതുതായി രോഗം കണ്ടെത്തുന്ന ഓരോ വ്യക്തിയെയും രജിസ്റ്റർ ചെയ്ത് ഒരു വ്യക്തിഗത ഹെൽത്ത് ഡയറി നൽകുകയും, ചികിത്സ, ജീവിതശൈലി പരിവർത്തനം എന്നിവ ഉൾപ്പെടുന്ന ചിട്ടയായ തുടർപരിശോധനാ ക്രമത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും. ഗൃഹസന്ദർശനം നടത്തിയുള്ള സർവ്വേ, റിസ്ക് വിലയിരുത്തൽ, സ്ക്രീനിംഗ് ക്യാമ്പുകൾ, ആരോഗ്യ മേളകൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലി മാറ്റത്തിനുള്ള പിയർ സപ്പോർട്ട് ഗ്രൂപ്പുകൾ, രോഗനിർണ്ണയത്തിനുള്ള പരിശോധനകൾ, അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കൽ എന്നിവയാണ് ക്യാമ്പയിന്റെ പ്രധാന ഘടകങ്ങൾ.

വട്ടിയൂർക്കാവ് (തിരുവനന്തപുരം), ഇടുക്കി (ഇടുക്കി ജില്ല), നിലമ്പൂർ (മലപ്പുറം)എന്നീ മൂന്ന് നിയമസഭാ മണ്ഡലങ്ങളിലാണ് ആദ്യ ഘട്ടത്തിൽ ക്യാമ്പയിൻ നടപ്പിലാക്കുന്നത്. വരും ദിവസങ്ങളിൽ വിളംബര ജാഥ നടത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കമിടും. പിന്നീട് സംസ്ഥാനവ്യാപകമായി പദ്ധതി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

ജനസംഖ്യാധിഷ്ഠിത സർവ്വേ ശൈലി ആപ്പ് വഴിയും സ്ക്രീനിംഗ് ആപ്പ് വഴിയുമാണ് നടത്തുന്നത്. ഇഹെൽത്ത് ഹോസ്പിറ്റൽ മാനേജ്മെന്റ് സംവിധാനം വഴിയാണ് രോഗനിർണയം, ചികിത്സ, തുടർപരിശോധനാ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നത്. കാമ്പയിൻ പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിന് തത്സമയ ഡാഷ്ബോർഡുകൾ ലഭ്യമാക്കും. സർവ്വേ / സ്ക്രീനിങ് സംബന്ധമായ വിവരങ്ങൾ ഡിജിറ്റൽ സംവിധാനത്തിലൂടെ നിരീക്ഷിച്ച് തുടർപരിശോധനകൾ ആവശ്യമായവർക്ക് അവ ലഭ്യമാക്കുകയും ചെയ്യും.മാനസികാരോഗ്യ കേന്ദ്രങ്ങൾ ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകളെന്ന പേരിലാകും ഇനി അറിയപ്പെടുക. ഹൈക്കോടതി നിർദ്ദേശപ്രകാരമാണ് പേരുമാറ്റം. സന്തോഷവും സൗഖ്യവും പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങളായി ഇവയെ മാറ്റുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി കെ മുരളീധരൻ പറഞ്ഞു. ഭൗതിക സാഹചര്യങ്ങളും ആവശ്യമായ ജീവനക്കാരെയും ഇതിനായി നിയോഗിക്കും. നിലവിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രധാനമായും രോഗനിർണയം, ചികിത്സ, മരുന്ന്, കൗൺസലിങ് തുടങ്ങിയ സേവനങ്ങളാണുള്ളത്. ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകൾ മാനസിക അസ്വാസ്ഥ്യമുള്ളവർക്ക് മാത്രമല്ല, മാനസികമായി ആരോഗ്യകരമായ ജീവിതം ആഗ്രഹിക്കുന്ന എല്ലാവർക്കും പ്രയോജനപ്പെടുന്ന തരത്തിൽ മാറ്റുകയാണ് ലക്ഷ്യം. കൗൺസലിങ്, മാനസികാരോഗ്യ ബോധവത്കരണം, സ്ട്രെസ് മാനേജ്മെന്റ്, ജീവിതശൈലി ഇടപെടലുകൾ തുടങ്ങിയവ കേന്ദ്രങ്ങളിൽ ലഭ്യമാക്കും. യുവാക്കളിൽ വർധിച്ചു വരുന്ന സമ്മർദ്ദം, ഏകാന്തത, ലഹരി ഉപയോഗത്തിലേക്കുള്ള സാധ്യത, പഠനതൊഴിൽ സംബന്ധമായ ആശങ്കകൾ തുടങ്ങിയവ നേരത്തെ തിരിച്ചറിയുന്നതിന് ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകൾക്ക് പ്രധാന പങ്ക് വഹിക്കാനാകുമെന്നും മന്ത്രി പറഞ്ഞു. 24X7 സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുന്ന ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും ഇനി പ്രതീക്ഷാ കേന്ദ്രങ്ങളെന്ന് അറിയപ്പെടും. പദ്ധതിയുടെ ആദ്യഘട്ടമായി പുനലൂർ താലൂക്ക് ആശുപത്രിയിൽ ആരംഭിച്ച സേവനം പത്താം തീയതിയോടെ പൂർണ്ണ സജ്ജമാകും. മന്ത്രി പറഞ്ഞു.

# പോബ്സ് എസ്റ്റേറ്റ് തുറന്ന് പ്രവർത്തിപ്പിക്കാൻ ധാരണ: മന്ത്രി ബിന്ദു കൃഷ്ണ

**തിരുവനന്തപുരം:** ഇടുക്കി വണ്ടിപ്പെരിയാറിലെ പോബ്സ് തേയില എസ്റ്റേറ്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ധാരണയായി. തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ എസ്റ്റേറ്റ് മാനേജ്മെന്റുമായും തൊഴിലാളി യൂണിയൻ നേതാക്കളുമായും നടത്തിയ ചർച്ചയിലാണ് തീരുമാനമായത്.

ഒരു വർഷമായി എസ്റ്റേറ്റ് പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുകയും, തൊഴിലാളികൾക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യത്തിലുമാണ് തൊഴിൽമന്ത്രി യോഗം വിളിച്ചു ചേർത്തത്. തൊഴിലാളികളുടെ വേതന കുടിശ്ശിക ഘട്ടം ഘട്ടമായി നൽകാനും ധാരണയായി. തൊഴിലാളികളുടെയും മാനേജ്മെന്റിന്റെയും സഹകരണത്തിലൂടെ തോട്ടം തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ മന്ത്രി ബിന്ദു കൃഷ്ണ നിർദേശിച്ചു.

തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് (പി.എഫ്) വിഹിതം അടയ്ക്കാത്തതുമായി ബന്ധപ്പെട്ട പ്രശ്നവും പരിഹരിക്കും. കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള സമയക്രമവും വ്യവസ്ഥകളും നിശ്ചയിക്കാൻ യോഗം വിളിച്ചുചേർക്കുന്നതിന് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തി.

പീരുമേട് എം.എൽ.എ സിറിയക് തോമസ്, ലേബർ കമ്മീഷണർ സഫ്ന നസറുദ്ദീൻ, അഡീഷണൽ ലേബർ കമ്മീഷണർ ബീന മോൾ വർഗീസ്, എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഡി സുരേഷ് കുമാർ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ശങ്കർ പി ആർ ,യൂണിയൻ പ്രതിധികളായ ആർ. തിലകൻ, പി.കെ. രാജൻ, ഷാജി പൈനാടത്ത്, പി ആർ അയ്യപ്പൻ, അഡ്വ. സോബിൻ സോമൻ, എന്നിവരും മാനേജ്മെന്റ് പ്രതിനിധികളായ തോമസ് ജേക്കബ്, പ്രദീപ് കുമാർ എ.കെ, സുരേഷ് പി വർഗീസ്, ഷോൺ എബ്രഹാം എന്നിവരും യോഗത്തിൽ പങ്കെടുത്തു.



# കേന്ദ്രം നാളികേര മൂല്യവർദ്ധിത പാർക്ക് അനുവദിച്ചാൽ പൂർണ പിന്തുണ നൽകുമെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** നാളികേര കൃഷിക്ക് പുതിയ ഉണർവ് നൽകുന്നതിനും കർഷകർക്ക് കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമായി നാളികേര മൂല്യവർദ്ധിത പാർക്ക് കേരളത്തിൽ വേണമെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ. സംസ്ഥാന കൃഷി വകുപ്പും നാളികേര വികസന ബോർഡും സംയുക്തമായി വഴുതക്കാട് മൗണ്ട് കാർമൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ദേശീയതല നാളികേര ദിനാഘോഷം ഉദ്ഘാടനം ചെയ്യുന്നതിനിടെയാണ് കേന്ദ്ര കൃഷി - കർഷക ക്ഷേമ സഹമന്ത്രി രാം നാഥ് ഠാക്കൂറിനോട് മുഖ്യമന്ത്രി ഇക്കാര്യം ആവശ്യപ്പെട്ടത്. ഗവേഷണാടിസ്ഥാനത്തിലുള്ള നാളികേര മൂല്യവർദ്ധിത പാർക്ക് യാഥാർത്ഥ്യമാക്കാനുള്ള എല്ലാ പിന്തുണയും സംസ്ഥാന സർക്കാർ നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

കേരളം എന്ന പേര് തന്നെ തെങ്ങുമായി ബന്ധപ്പെട്ടതാണെന്നും ഏകദേശം 50 വർഷം മുമ്പ് ഇന്ത്യയിലെ നാളികേര ഉൽപാദനത്തിന്റെ 65 ശതമാനവും കേരളത്തിലായിരുന്നുവെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഇന്ന് നാളികേര ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും തമിഴ്നാട്, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ കേരളത്തേക്കാൾ മികച്ച മുന്നേറ്റം നടത്തുന്നുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽ നാളികേരത്തെ തോട്ടവിളയായാണ് പരിഗണിക്കുന്നത്. ശാസ്ത്രീയമായ അകലത്തിൽ തൈകൾ നടാനും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കൃത്യമായി വളപ്രയോഗം നടത്താനും ഇതുവഴി സാധിക്കും. ചെറിയ കൃഷിയിടങ്ങളുടെ പ്രത്യേകതകൾ കാരണം രോഗപ്രതിരോധം ഉൾപ്പെടെയുള്ളവയിൽ ശാസ്ത്രീയമായ ഏകീകൃത സമീപനം കേരളത്തിന് ബുദ്ധിമുട്ടാണെങ്കിലും നാളികേര കൃഷി തോട്ടവിളയായി മാറ്റുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്.

നാളികേരത്തിൽ മൂല്യവർദ്ധന നടത്തുന്നതിലൂടെ കർഷകർക്ക് നിലവിലെ വിലയേക്കാൾ 50 ശതമാനം വരെ കൂടുതൽ വരുമാനം നൽകാൻ കഴിയും. ഇതിനുള്ള സാധ്യതകൾ പരിശോധിക്കും. പാക്ക് ചെയ്ത കരിക്കിൻ വെള്ളം ഉൾപ്പെടെയുള്ള നാളികേര ഉൽപന്നങ്ങളുടെ വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കൂടുതൽ ഗവേഷണങ്ങൾ നടത്തണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

### രാജമൗലി അവതരിപ്പിക്കുന്ന ഫഹദ് ഫാസിൽ ചിത്രം

# ഡോണ്ട് ട്രബിൾ ദ ട്രബിൾ

### ഒക്ടോബർ 2ന് തിയേറ്ററുകളിലേക്ക്

ഫഹദ് ഫാസിൽ നായകനായെത്തുന്ന ഫാന്റസി എന്റർടെയ്നർ ഡോണ്ട് ട്രബിൾ ദ ട്രബിൾ ഒക്ടോബർ 2ന് ആഗോളതലത്തിൽ തിയേറ്ററുകളിലെത്തും.എസ്. എസ്. രാജമൗലി അവതരിപ്പിക്കുന്ന ചിത്രം നവാഗതനായ ശശാങ്ക് യെലേട്ടി ആണ് സംവിധാനം ചെയ്യുന്നത്. ബാഹുബലി ഉൾപ്പെടെയുള്ള ബ്രഹ്മാണ്ഡ ചിത്രങ്ങളുടെ നിർമ്മാതാക്കളായ ആർക്കാ മീഡിയ വർക്ക്സും ചിത്രത്തിന്റെ നിർമ്മാണത്തിൽ പങ്കാളികളാണ്. ആർക്ക മീഡിയ വർക്ക്സ്, ഷോയിംഗ് ബിസിനസ് എന്നീ ബാനറുകളുടെ കീഴിൽ ഷോബു യാർലഗഡ്ഡ, പ്രസാദ് ദേവിനേനി, എസ്. എസ്. കാർത്തികേയ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.

ഫാന്റസി, ഹ്യൂമർ, ഹൃദയസ്പർശിയായ മുഹൂർത്തങ്ങൾ എന്നിവ സമന്വയിപ്പിക്കുന്ന വ്യത്യസ്തമായ സിനിമാനുഭവമാണ് ഡോണ്ട് ട്രബിൾ ദ ട്രബിൾ ഒരുക്കുന്നത്. ചിത്രത്തിലെ ടീസറും ഗാനവും ഇതിനോടകം ശ്രദ്ധ നേടിയിട്ടുണ്ട്. പതിവ് കഥാപാത്രങ്ങളിൽ നിന്ന് വ്യത്യസ്തമായ കഥാപാത്രത്തെയാണ് ഫഹദ് ഫാസിൽ ചിത്രത്തിൽ അവതരിപ്പിക്കുന്നത്. ബാലതാരമായ സാറയുടെ പ്രകടനവും ചിത്രത്തിലെ പ്രധാന ആകർഷണങ്ങളിലൊന്നാണ്. ചിത്രം മലയാളം, തെലുങ്ക്, ഹിന്ദി ഭാഷകളിൽ റിലീസാകും.കാലഭൈരവയാണ് ചിത്രത്തിന് സംഗീതവും പശ്ചാത്തല സംഗീതവും ഒരുക്കുന്നത്.

ചിത്രത്തിന്റെ സ്ക്രിപ്റ്റ് ഡെവലപ്മെന്റ് എസ്. എസ്. കാഞ്ചിയും, കോറൈറ്റർ ഹംസ അലിയുമാണ്. ബാലാജി സുബ്രഹ്മണ്യം ഛായാഗ്രഹണം നിർവഹിക്കുമ്പോൾ പ്രവീൺ ആന്റണി എഡിറ്റിംഗ് കൈകാര്യം ചെയ്യുന്നു. സുധൻ കൊറിയോഗ്രഫിയും, രാമ രാജമൗലി കോസ്റ്റ്യൂം ഡിസൈനും സ്റ്റൈലിംഗും നിർവഹിക്കുന്നു.എസ്. എസ്. ശശാങ്ക് എക്സിക്യൂട്ടീവ് പ്രൊഡ്യൂസറും, ഡി. സതീഷ് കുമാർ പ്രൊഡക്ഷൻ എക്സിക്യൂട്ടീവും, രാഹുൽ ഷാലി ലൈൻ പ്രൊഡ്യൂസറും, ഡി. യോഗാനന്ദ് പ്രൊഡക്ഷൻകൺട്രോളറുമാണ്. പി ആർ ഓ : പ്രതീഷ് ശേഖർ.







### രശ്മിക മന്ദാനയുടെ

# മൈസ നവംബർ 27ന്

രശ്മിക മന്ദാന കേന്ദ്രകഥാപാത്രമാകുന്ന ഹൈവോൾട്ടേജ് ആക്ഷൻ ത്രില്ലർ മൈസയുടെ റിലീസ് തിയതി പ്രഖ്യാപിച്ചു. നവംബർ 27ന് ലോകമെമ്പാടുമുള്ള തിയറ്ററുകളിൽ ചിത്രം പ്രദർശനത്തിനെത്തും. നിർമാതാക്കളായ അൺഫോർമുല ഫിലിംസാണ് പുതിയ പോസ്റ്ററിനൊപ്പം റിലീസ് വാർത്ത പുറത്തുവിട്ടത്.

നവാഗതനായ രവീന്ദ്ര പുല്ലി സംവിധാനം ചെയ്യുന്ന ചിത്രത്തിൽ ഗോണ്ട് ഗോത്ര വർഗക്കാരിയുടെ വേഷത്തിലാണ് രശ്മിക എത്തുന്നത്. മുൻപ് കണ്ടിട്ടില്ലാത്ത വിധം അത്യന്തം മാസ് ആയ, ചോരയിലും ചെളിയിലും കുളിച്ച്, തീവ്രഭാവത്തിലാണ് താരം പോസ്റ്ററിലുള്ളത്. ഏഷ്യൻ സിനിമകളിൽ ആദ്യമായാണ്, ഒരു നടി ഇരുപതു മണിക്കൂറോളം വെള്ളത്തിനടിയിൽ സാഹസിക ആക്ഷൻ രംഗങ്ങളിൽ അഭിനയിക്കുന്നത്. ആക്ഷൻ സീനുകൾ ത്രസിപ്പിക്കുന്ന രീതിയിൽ രശ്മിക അഭിനയിച്ചെന്ന് അണിയറപ്രവർത്തകർ പറഞ്ഞു.

ചിത്രത്തിന്റെ ഡാൻസ് സീക്വൻസിനിടയിലായിരുന്നു രശ്മികയുടെ ഇടുപ്പിന് പരിക്കേറ്റതും തുടർന്ന് കുറച്ചുനാൾ വിശ്രമത്തിൽ കഴിയേണ്ടിവന്നതും. രാഹുൽ രവീന്ദ്രൻ, ഈശ്വരി റാവു എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്ന ചിത്രത്തിൽ ജേക്സ് ബിജോയ് ആണ് സംഗീത സംവിധാനം നിർവഹിക്കുന്നത്. ബാഹുബലി 2, ജവാൻ തുടങ്ങിയ ചിത്രങ്ങളുടെ ആക്ഷൻ കൊറിയോഗ്രാഫറാണ് മൈസയുടെ സംഘട്ടന രംഗങ്ങൾ ഒരുക്കുന്നത്.

മലയാളം, തെലുങ്ക്, തമിഴ്, ഹിന്ദി, കന്നഡ ഭാഷകളിൽ ഒരേസമയം ചിത്രം റിലീസ് ചെയ്യും. ചിത്രത്തിൻറെ ഒടിടി സ്ട്രീമിംഗ് നെറ്റ്ഫ്ളിക്സ് ആണു വാങ്ങിയത്. രശ്മികയുടെ കരിയറിലെ ഏറ്റവും പ്രധാനപ്പെട്ട വേഷങ്ങളിൽ ഒന്നായിരിക്കും ഇതെന്നു സംവിധായകൻ പറഞ്ഞു.

## തൃഷ, രാധിക,അപർണ കൂട്ടുകെട്ടിൽ സൈക്കോളജിക്കൽ ത്രില്ലർ

തെന്നിന്ത്യൻ ചലച്ചിത്രാസ്വാദകർക്ക് ആവേശമായി തൃഷ, രാധിക ശരത്കുമാർ, അപർണ ബാലമുരളി എന്നിവർ ആദ്യമായി ഒന്നിക്കുന്ന ചിത്രത്തിന്റെ പ്രഖ്യാപനം. ബിഗ് ബജറ്റ് ചിത്രം നിർമിക്കുന്നത് പനോരമ സ്റ്റുഡിയോസ് ആണ്. മിസ്റ്ററിയും സസ്പെൻസും സമന്വയിക്കുന്ന സൈക്കോളജിക്കൽ ഹൊറർ ത്രില്ലറാണ് ഒരുങ്ങുന്നത്. എയർലിഫ്റ്റ്, ഷെഫ് തുടങ്ങിയ ശ്രദ്ധേയ ചിത്രങ്ങൾ സമ്മാനിച്ച രാജാ കൃഷ്ണ മേനോനാണു ചിത്രത്തിൻറെ സംവിധായകൻ. അദ്ദേഹത്തിൻറെ ആദ്യ തമിഴ് ചിത്രവും സൈക്കോളജിക്കൽ ഹൊറർ വിഭാഗത്തിലുള്ള ആദ്യ പരീക്ഷണവുമാണിത്. പൂജ ചടങ്ങുകൾക്കുശേഷം ചിത്രീകരണം ആരംഭിച്ചു.

ബോളിവുഡിലെ നിർമാണ കമ്പനിയായ പനോരമ സ്റ്റുഡിയോസ് തമിഴിലേക്കു ചുവടുവയ്ക്കുന്ന ചിത്രം കൂടിയാണിത്. ലോക്കോമോട്ടീവ് ഗ്ലോബലുമായി സഹകരിച്ച് ഫ്യൂഷൻ ഫ്ളിക്സ്, ലോക്കോമോട്ടീവ് ഗ്ലോബൽ എന്നിവയുടെ ബാനറിലാണു നിർമാണം. അജയ് ദേവ്ഗണിന്റെ ദൃശ്യം ഫ്രാഞ്ചൈസിയിലൂടെ ശ്രദ്ധേയരായ പനോരമ സ്റ്റുഡിയോസ്, മലയാളത്തിൽ ഭാവനയുടെ അനോമി, കുഞ്ചാക്കോ ബോബന്റെ ഉന്മാദം എന്നീ ചിത്രങ്ങളുടെ ഭാഗമായിട്ടുണ്ട്. ഫഹദ് ഫാസിൽ, നിവിൻ പോളി എന്നിവരുമായി മൾട്ടിഫിലിം കരാറുകളിൽ ഒപ്പിട്ട ഇവർ ആസിഫ് അലിയുടെ 'ടിക്കി ടാക്ക', ടൊവിനോ തോമസിന്റെ മുമ്പേ എന്നീ ചിത്രങ്ങളുമായും സഹകരിക്കുന്നുണ്ട്.അടുത്തിടെ തിയറ്ററുകളിലെത്തി 300 കോടിയിലധികം നേടിയ കറുപ്പ് എന്ന ചിത്രത്തിനു ശേഷം തൃഷയുടേതായി ഒരുങ്ങുന്ന വൻ പ്രോജക്റ്റാണിത്. ചിരഞ്ജീവിക്കൊപ്പമുള്ള വിശ്വംഭരയാണു താരത്തിന്റേതായി റിലീസിനൊരുങ്ങുന്ന മറ്റൊരു ചിത്രം.



# വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ ഡിജിറ്റൽ ഹെൽത്ത്കെയർ ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ് ബോർഡിലേക്ക് ഡോ. ഷംഷീർ വയലിൽ നിയമിതനായി



**കൊച്ചി:** ലോക സാമ്പത്തിക ഫോറത്തിന്റെ ഡിജിറ്റൽ ഹെൽത്ത്കെയർ ട്രാൻസ്ഫോർമേഷൻ ഇനിഷ്യേറ്റീവ് എക്സിക്യൂട്ടീവ് ബോർഡിലേക്ക് പ്രമുഖ വ്യവസായിയും ലേക്ഷോർ ഹോസ്പിറ്റൽ ചെയർമാനുമായ ഡോ. ഷംഷീർ വയലിൽ നിയമിതനായി. മിഡിൽ ഈസ്റ്റിലെ മുൻനിര ആരോഗ്യ സേവനദാതാക്കളായ ബുർജീൽ ഹോൾഡിങ്സിന്റെ സ്ഥാപകനും ചെയർമാനുമായ അദ്ദേഹത്തിന്റെ ആരോഗ്യമേഖലയിലെ അനുഭവസമ്പത്തും സംഭാവനകളും പരിഗണിച്ചാണ് ഈ ആഗോള നിയമനം.

വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ സെന്റർ ഫോർ ഹെൽത്ത് ആൻഡ് ഹെൽത്ത്കെയറിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ ബോർഡ്, നിർമ്മിത ബുദ്ധി, ഡിജിറ്റൽ സാങ്കേതികവിദ്യ, ഹെൽത്ത് ഡാറ്റ എന്നിവ ഉപയോഗിച്ച് ആരോഗ്യമേഖലയിൽ സുരക്ഷിതവും ഉത്തരവാദിത്തമുള്ളതുമായ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിടുന്ന ആഗോള പൊതു സ്വകാര്യ കൂട്ടായ്മയാണ്.

ആഗോളതലത്തിലെ പ്രമുഖ സിഇഒമാർ, മന്ത്രിമാർ, അന്താരാഷ്ട്ര വിദഗ്ദ്ധർ എന്നിവരടങ്ങുന്ന സമിതിയിലാണ് ഡോ. ഷംഷീർ അംഗമാകുന്നത്. മയോ ക്ലിനിക് സിഇഒ ജിയാൻറിക്കോ ഫാറൂജിയ, മെഡ്ട്രോണിക് സിഇഒ ജിയോഫ് മാർത്ത, ഫിലിപ്സ് സിഇഒ റോയ് ജാക്കബ്സ്, സൗദി ആരോഗ്യ മന്ത്രി ഫഹദ് ബിൻ അബ്ദുറഹ്മാൻ അൽ ജലാജൽ, അപ്പോളോ ഹോസ്പിറ്റൽസ് എംഡി സുനീത റെഡ്ഡി തുടങ്ങിയ പ്രമുഖരാണ് ബോർഡിലെ മറ്റ് അംഗങ്ങൾ.

ഡിജിറ്റൽ സാങ്കേതികവിദ്യകളും എഐയും രോഗീകേന്ദ്രീകൃത പരിചരണത്തിനായി പ്രയോജനപ്പെടുത്തുന്നതിൽ അന്താരാഷ്ട്ര നേതാക്കൾക്കൊപ്പം പങ്കാളിയാകാൻ കഴിയുന്നതിൽ സന്തോഷമുണ്ടെന്ന് ഡോ. ഷംഷീർ വയലിൽ വ്യക്തമാക്കി. സാങ്കേതിക മുന്നേറ്റവും ആരോഗ്യരംഗത്തെ അനുഭവസമ്പത്തും കൈമുതലായുള്ള ഡോ. ഷംഷീറിന്റെ ബോർഡിലെ സാന്നിധ്യം ആഗോള ഡിജിറ്റൽ ആരോഗ്യ സംവിധാനങ്ങൾക്ക് വലിയ കരുത്താകുമെന്ന് ഡബ്ല്യുഇഎഫ് സെന്റർ ഫോർ ഹെൽത്ത് മേധാവി ഡോ. ശ്യാം ബിഷെൻ കൂട്ടിച്ചേർത്തു.




# തദ്ദേശീയ ഡൈവിംഗ് ഉപകരണ ബ്രാൻഡായ ഇൻഡിക്കിന് തുടക്കമായി

**തിരുവനന്തപുരം:** ഇന്ത്യയിലെ ആദ്യ തദ്ദേശീയ ഡൈവിംഗ് ഉപകരണ ബ്രാൻഡായ ഇൻഡിക്കിന് തുടക്കമായി.

പ്ലാൻറ് സ്കൂബ ഇന്ത്യ , ഇന്ത്യയിൽ വികസിപ്പിക്കുകയും നിർമിക്കുകയും ചെയ്ത മറൈൻ മൊബിലിറ്റി സംവിധാനങ്ങൾ, അണ്ടർവാട്ടർ ഇലക്ട്രോണിക്സ്, ഡൈവിംഗ് സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് ഇൻഡിക്.

ഹിമാലയത്തിലെ ഉയർന്ന പ്രദേശങ്ങളിലുള്ള തടാകങ്ങൾ മുതൽ ഇന്ത്യൻ മഹാസമുദ്രത്തിലെ ആഴമേറിയ ജലപ്രദേശങ്ങൾ വരെയുള്ള ഏറ്റവും വെല്ലുവിളി നിറഞ്ഞ അണ്ടർവാട്ടർ സാഹചര്യങ്ങളിൽ പോലും ഉപയോഗിക്കാനാകുന്ന തരത്തിലാണ് ഈ ഉപകരണങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നതെന്നു സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ മാധവ റെഡ്ഡി പറഞ്ഞു.





# ‘തിയേറ്റർ ദ മിത്ത് ഓഫ് റിയാലിറ്റി’ക്ക് അന്താരാഷ്ട്ര വേദികളിൽ തുടർച്ചയായ പുരസ്കാര നേട്ടം

**കൊച്ചി:** റിമ കല്ലിങ്കൽ നായികയായും സജിൻ ബാബു രചനയും സംവിധാനവും നിർവഹിച്ച ‘തിയേറ്റർ ദ മിത്ത് ഓഫ് റിയാലിറ്റി’ അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ സ്വന്തമാക്കി മുന്നേറുന്നു. അടുത്തടുത്ത ദിവസങ്ങളിൽ ഇന്ത്യയിലും വിദേശത്തുമായി നടന്ന രണ്ട് പ്രധാന ചലച്ചിത്രമേളകളിൽ ചിത്രം നാല് പുരസ്കാരങ്ങളാണ് സ്വന്തമാക്കിയത്.

അന്തരിച്ച പ്രമുഖ ബംഗാളി സംവിധായകൻ ഋതുപർണ്ണ ഘോഷിന്റെ സ്മരണാർത്ഥം ആഗസ്റ്റ് 27 മുതൽ 30 വരെ കൽക്കത്തയിൽ നടന്ന ഒൻപതാമത് ഋതുരംഗം ഫിലിം ഫെസ്റ്റിവലിൽ ‘തിയേറ്റർ ദ മിത്ത് ഓഫ് റിയാലിറ്റി’ മികച്ച ഇന്ത്യൻ ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടു. ചിത്രത്തിലെ പ്രകടനത്തിന് റിമ കല്ലിങ്കൽ മികച്ച നടിക്കുള്ള പുരസ്കാരവും, ഛായാഗ്രഹണത്തിന് ശ്യാമപ്രകാശ് എം. എസ്. മികച്ച ക്യാമറമാനുള്ള പുരസ്കാരവും നേടി.

റഷ്യയിലെ സെന്റ് പീറ്റേഴ്സ്ബർഗിൽ മിനിസ്ട്രി ഓഫ് കൾച്ചർ ഓഫ് ദ റഷ്യൻ ഫെഡറേഷൻ, ദ ഗവൺമെന്റ് ഓഫ് സെന്റ് പീറ്റേഴ്സ്ബർഗ്, ലെൻഫിലിം ഫിലിം സ്റ്റുഡിയോ എന്നിവരുടെ നേതൃത്വത്തിൽ ആഗസ്റ്റ് 27 മുതൽ 31 വരെ നടന്ന ബിഗ് സിറ്റി ലൈറ്റ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലും ചിത്രം പുരസ്കാര നേട്ടം സ്വന്തമാക്കി. അന്താരാഷ്ട്ര മത്സര വിഭാഗത്തിൽ മത്സരിച്ച ‘തിയേറ്റർ ദ മിത്ത് ഓഫ് റിയാലിറ്റി’ക്ക് മികച്ച സംവിധായകനുള്ള പുരസ്കാരം സജിൻ ബാബു നേടി. റഷ്യൻ ചലച്ചിത്രരംഗത്തെ ശ്രദ്ധേയനായ സംവിധായകനും എഴുത്തുകാരനുമായ ആൻഡ്രെയ് ക്രവ്ചുക് ആയിരുന്നു ബിഗ് സിറ്റി ലൈറ്റ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലെ ജൂറി ചെയർമാൻ. ദ ഇറ്റാലിയൻ (2005), അഡ്മിറൽ (2008), യൂണിയൻ ഓഫ് സാൽവേഷൻ (2019) തുടങ്ങിയ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ സംവിധായകനാണ് അദ്ദേഹം. റഷ്യൻ ഡിഒപി ഇല്യാ ഡ്യൂമിൻ, ജനപ്രിയ നടൻ യൂറിയ ഗൽത്സേവ്, ഗായകനും സെന്റ് പീറ്റേഴ്സ്ബർഗ് ചൈനീസ് കൾച്ചറൽ സെന്റർ ഹെഡുമായ പാൻ യിൻലൈ എന്നിവരടങ്ങിയ ജൂറിയാണ് പുരസ്കാരങ്ങൾ നിർണയിച്ചത്.

കൽക്കത്തയിലെ ഋതുരംഗം ഫിലിം ഫെസ്റ്റിവലിൽ മലയാളത്തിൽ നിന്ന് മത്സര വിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഏക ചിത്രമായിരുന്നു ‘തിയേറ്റർ’. സെന്റ് പീറ്റേഴ്സ്ബർഗിലെ ബിഗ് സിറ്റി ലൈറ്റ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലും ഇന്ത്യയിൽ നിന്ന് മത്സരിച്ച ഏക ചിത്രമെന്ന നേട്ടം ചിത്രത്തിനുണ്ടായിരുന്നു.

ഋതുരംഗം ഫിലിം ഫെസ്റ്റിവലിലെ പുരസ്കാര നിർണയ ജൂറിയിൽ മികച്ച നടിക്കുള്ള ദേശീയ പുരസ്കാര ജേതാവും ഓസ്കർ അവാർഡ് കമ്മിറ്റിയിലെ അംഗവുമായ ശ്രീലേഖ മുഖർജി ചെയർപേഴ്സണായിരുന്നു. രണ്ട് തവണ ദേശീയ പുരസ്കാരം നേടിയ ഫിലിം മേക്കർ ശർമിഷ്ഠ മൈതി, രണ്ട് തവണ ദേശീയ പുരസ്കാരം നേടിയ സംവിധായകൻ രാജ്ദീപ് പോൾ, പ്രശസ്ത ബംഗാളി സംവിധായിക ജയശ്രീ ഭട്ടാചാര്യ, സൗണ്ട് ഡിസൈനർ ഒലീവിയ ദാസ്, ഇൻഡിപെൻഡന്റ് ഡയറക്ടറും സ്കോളറുമായ സമൃത് റോ ചക്രബർത്തി എന്നിവരായിരുന്നു ജൂറി അംഗങ്ങൾ.

റിമ കല്ലിങ്കലിനെ നായികയാക്കി സജിൻ ബാബു രചിച്ച് സംവിധാനം ചെയ്ത ചിത്രം അഞ്ജനാ ടാക്കീസിന്റെ ബാനറിൽ അഞ്ജന ഫിലിപ്പും ഫിലിപ്പ് സക്കറിയയും ചേർന്നാണ് നിർമ്മിച്ചത്. ഇന്ത്യയിലും വിദേശത്തുമായി തുടർച്ചയായി ലഭിക്കുന്ന അംഗീകാരങ്ങളിലൂടെ ‘തിയേറ്റർ - ദ മിത്ത് ഓഫ് റിയാലിറ്റി’ മലയാള സിനിമയുടെ അന്താരാഷ്ട്ര സാന്നിധ്യം കൂടുതൽ ശക്തമാക്കുകയാണ്.

# എൻഎച്ച് 66ൽ ഇലക്ട്രിക് ട്രക്ക് കോറിഡോർ 19 കോടി രൂപ ചെലവിൽ പൂർത്തിയാകുമെന്ന് പഠനം

**തിരുവനന്തപുരം:** 2030ഓടെ കാസർഗോഡ്തിരുവനന്തപുരം എൻഎച്ച് 66ൽ ഇലക്ട്രിക് ട്രക്കുകൾക്കായി 90 ചാർജറുകളും 12.5 മെഗാവാട്ട് ചാർജിംഗ് ശേഷിയും ഒരുക്കാൻ 19 കോടി രൂപയുടെ നിക്ഷേപം മതിയാകുമെന്ന് പഠനം.

ഇൻറർനാഷണൽ കൗൺസിൽ ഓൺ ക്ലീൻ ട്രാൻസ്പോർട്ടേഷനും (ഐസിസിടി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും (കെഎസ്ഇബിഎൽ) സംയുക്തമായി നടത്തിയ പഠനത്തിലാണ് കണ്ടെത്തൽ.

622 കിലോമീറ്റർ ദൂരത്തിൽ നടത്തിയ പഠനം, പിഎം ഇഡ്രൈവ് പദ്ധതിയിൽ പൊതു ചാർജിംഗ് സൗകര്യങ്ങൾക്കായി അനുവദിച്ച 2,000 കോടി രൂപയുടെ ഒരു ശതമാനത്തിൽ താഴെ മാത്രമേ പ്രസ്തുത നിക്ഷേപം വരികയുള്ളൂവെന്നും വ്യക്തമാക്കുന്നു.

2050ഓടെ ചാർജറുകളുടെ എണ്ണം 1,939 ആയും സ്ഥാപിതശേഷി 204.5 മെഗാവാട്ടായും ഉയരുമെന്നും ഇതിനായി 338 കോടി രൂപയുടെ സഞ്ചിത നിക്ഷേപം വേണ്ടിവരുമെന്നും പഠനം പറയുന്നു.



പ്രതിദിന വൈദ്യുതി ആവശ്യകത 2030ലെ 32 മെഗാവാട്ടിൽ നിന്ന് 2050ൽ 833 മെഗാവാട്ടായി ഉയരും. 13,355 ട്രക്കുകളുടെയും 3,39,692 പാർക്കിംഗ് ഇവൻറുകളുടെയും ജിപിഎസ് വിവരങ്ങൾ ഉൾപ്പടെയുള്ള വിവരങ്ങൾ അടിസ്ഥാനമാക്കിയ പഠനത്തിൽ കൊച്ചി, കോഴിക്കോട്, കൊല്ലം എന്നിവ മുൻഗണനാ കേന്ദ്രങ്ങളായി കണ്ടെത്തി.

തിരുവങ്ങാട്-കുമ്പളം ഭാഗത്ത് മാത്രം 2050ഓടെ 76.4 മെഗാവാട്ട് ചാർജിംഗ് ശേഷി ആവശ്യമായിവരുമെന്നും പഠനം പറയുന്നു.

# യുഎസ് ടി കോഡൺ: അഞ്ച് പ്രമുഖ എന്റർപ്രൈസ് പ്ലാറ്റ്ഫോമുകളിലേക്ക് എ ഐ വികസനം സാധ്യമാക്കി യുഎസ് ടി

**തിരുവനന്തപുരം:** പ്രമുഖ എ ഐ, ടെക്നോളജി ട്രാൻസ്ഫോർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യുഎസ് ടി, ബിസിനസ് പ്ലാറ്റ്ഫോമുകളിലെ ആപ്ലിക്കേഷനുകളും വർക്ക്ഫ്ലോകളും സുരക്ഷിതമായി വികസിപ്പിക്കുന്നതിനായി 'യുഎസ് ടി കോഡൺ' എന്ന പുതിയ ഗവേൺഡ് എ ഐ വർക്ക്സ്പേസ് തിരുവനന്തപുരത്ത് പുറത്തിറക്കി. സർവീസ് നൗ, എസ്എപി, സെയിൽസ്ഫോഴ്സ്, ഒറാക്കിൾ ഫ്യൂഷൻ, വർക്ക്ഡേ എന്നീ അഞ്ച് പ്രമുഖ പ്ലാറ്റ്ഫോമുകളിലുടനീളം സുരക്ഷിതവും വേഗത്തിലുള്ളതുമായ വികസനം ഉറപ്പാക്കാൻ ഈ സാങ്കേതികവിദ്യ ബിസിനസ് സ്ഥാപനങ്ങളെ സഹായിക്കുന്നു.

സാങ്കേതിക വൈദഗ്ധ്യവും അത്യാധുനിക എ ഐ ഏജന്റ് ഫ്രെയിംവർക്കും സംയോജിപ്പിച്ച് പ്രവർത്തിക്കുന്ന യുഎസ് ടി കോഡൺ, ഡെവലപ്പർമാരുടെ ആവശ്യങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് സുരക്ഷിതമായ കോഡിംഗ് സാധ്യമാക്കുന്നു. പൂർണ്ണമായ മനുഷ്യ മേൽനോട്ടത്തോടെ വികസിപ്പിക്കുന്ന കോഡുകൾ യുഎസ് ടി വിദഗ്ധർ അവലോകനം ചെയ്ത് അംഗീകരിച്ച ശേഷമാണ് നിലവിലുള്ള സിസ്റ്റങ്ങളിലേക്ക് സംയോജിപ്പിക്കുന്നത്. വികസന പ്രക്രിയ ആരംഭിക്കുന്നതിന് മുൻപ് തന്നെ ചെലവുകൾ കൃത്യമായി കണക്കാക്കാൻ സഹായിക്കുന്ന 'ബിൽറ്റ്ഇൻ എസ്റ്റിമേറ്റർ' ഉപഭോക്താക്കൾക്ക് കൂടുതൽ സുതാര്യതയും നിയന്ത്രണവും നൽകുന്നു.

ആന്തരിക വിന്യാസങ്ങളിൽ ആപ്ലിക്കേഷൻ വികസനം 50 ശതമാനം വരെ വേഗത്തിലാക്കാൻ യുഎസ് ടി കോഡണിന് സാധിച്ചിട്ടുണ്ട്. മാസങ്ങളെടുത്തിരുന്ന ഡെവലപ്മെന്റ് പ്രക്രിയകൾ വെറും ഒരു ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കാനും ഇതിലൂടെ ചെലവ് ഗണ്യമായി കുറയ്ക്കാനും കഴിയുമെന്ന് യുഎസ് ടി വ്യക്തമാക്കുന്നു.

ബിസിനസുകൾക്ക് ഏറ്റവും അത്യാധുനികവും സുരക്ഷിതവുമായ വർക്ക്ഫ്ലോ അനുഭവം ഉറപ്പാക്കാൻ യുഎസ് ടി കോഡൺ സഹായിക്കുമെന്ന് യുഎസ് ടി സിഇഒ കൃഷ്ണ സുധീന്ദ്ര അഭിപ്രായപ്പെട്ടു. എ ഐ സാങ്കേതികവിദ്യയെ എന്റർപ്രൈസ് സോഫ്റ്റ്വെയർ രംഗത്ത് കൂടുതൽ ഉൽപ്പാദനക്ഷമവും പ്രവചനീയവുമാക്കുന്ന വിപ്ലവകരമായ ചുവടുവയ്പ്പാണ് ഈ പ്ലാറ്റ്ഫോമെന്ന് യുഎസ് ടി ചീഫ് സൊല്യൂഷൻസ് ഓഫീസർ കൈലാഷ് അറ്റാൽ കൂട്ടിച്ചേർത്തു.



# ഓണം തരംഗമായി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ 'ഓണം ഒരുമയുടെ ഓളം'; കാഴ്ചക്കാർ 5 കോടി കടന്നു

**കൊച്ചി:** സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ഏറ്റവും പുതിയ ഓണം ക്യാംപയിനായ 'ഓണം ഒരുമയുടെ ഓളം' സോഷ്യൽ മീഡിയയിൽ വൻ തരംഗമാകുന്നു. റിലീസ് ചെയ്ത് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ മാത്രം അഞ്ച് കോടിയിലധികം കാഴ്ചക്കാരെ നേടി പരസ്യചിത്രം ജനശ്രദ്ധയാകർഷിച്ചു.

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പൈതൃകവും തലമുറകളായി കാത്തുസൂക്ഷിക്കുന്ന സാമൂഹിക ബന്ധങ്ങളും പ്രമേയമാക്കിയാണ് ക്യാംപയിൻ ഒരുക്കിയിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് ഉപേക്ഷിക്കപ്പെട്ട ഒരു ചുണ്ടൻവള്ളത്തെ, ക്രൗഡ് ഫണ്ടിങ്ങിലൂടെ ഒരു കൂട്ടം യുവാക്കൾ പുനരുദ്ധരിക്കുന്ന കഥയാണ് 90 സെക്കൻഡ് ദൈർഘ്യമുള്ള പരസ്യചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. 'മനുഷ്യർ ഒന്നിച്ചുനിന്നാൽ അസാധ്യമായി ഒന്നുമില്ല' എന്ന മനോഹരമായ സന്ദേശമാണ് ചിത്രം പങ്കുവെക്കുന്നത്. പ്രശസ്ത സംവിധായകൻ മാർട്ടിൻ പ്രക്കാട്ട് സംവിധാനം ചെയ്ത പരസ്യത്തിന് ശരത് പ്രകാശാണ് തിരക്കഥയൊരുക്കിയിരിക്കുന്നത്. കിരൺ പീതാംബരൻ പ്രധാന വേഷത്തിലെത്തുന്ന ചിത്രം ആലപ്പുഴയുടെ കായൽ പശ്ചാത്തലത്തിലാണ് ചിത്രീകരിച്ചത്. പോസ്റ്റ് പ്രൊഡക്ഷൻ ഉൾപ്പെടെ വെറും 20 ദിവസം കൊണ്ട് പൂർത്തിയാക്കിയ പരസ്യചിത്രം, നാടിന്റെ നന്മയും കൂട്ടായ്മയുടെ കരുത്തും ദൃശ്യവൽക്കരിച്ചാണ് ജനഹൃദയങ്ങൾ കീഴടക്കുന്നത്.




# എഐ+ നോവ 2 പവർ അവതരിപ്പിച്ചു

**കൊച്ചി:** എഐ+ സ്മാർട്ട്ഫോൺ നോവ 2 സീരീസിലെ പുതിയ മോഡലായ 'നോവ 2 പവർ' അവതരിപ്പിച്ചു. പ്രോജക്ട് ഓപ്പൺ റിവ്യൂ 2.0യുടെ ഭാഗമായാണ് ഫോൺ അവതരിപ്പിച്ചത്. ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിന് മുമ്പ് റിവ്യൂവർമാർ, കണ്ടന്റ് ക്രിയേറ്റർമാർ, മാധ്യമപ്രവർത്തകർ, സാങ്കേതികവിദ്യാവിദഗ്ധർ, എത്തിക്കൽ ഹാക്കർമാർ എന്നിവർക്ക് ഫോൺ സ്വതന്ത്രമായി പരീക്ഷിക്കാം. ഗോൾഡൻ ബ്ലൂ ഫ്യൂഷൻ, ബ്ലൂ ഫ്യൂഷൻ എന്നീ രണ്ട് നിറങ്ങളിലാണ് ഫോൺ എത്തുന്നത്. മീഡിയടെക് ഡൈമെൻസിറ്റി 7100 ചിപ്സെറ്റാണ് ഫോണിന് കരുത്തേകുന്നത്. 6 നാനോമീറ്റർ പ്രോസസിൽ നിർമിച്ച ചിപ്സെറ്റ് മികച്ച പ്രകടനവും വൈദ്യുതി കാര്യക്ഷമതയും ലക്ഷ്യമിടുന്നു. ഫോണിന്റെ കൂടുതൽ സവിശേഷതകളും വിലയും ലഭ്യതയും പിന്നീട് പ്രഖ്യാപിക്കും.




# ഇന്ത്യയിൽ എട്ട് നഗരങ്ങളിൽ ഹൈബ് ഇന്ത്യ ഓഡിഷൻ

**കൊച്ചി:** ആഗോള സംഗീത, വിനോദ മേഖലയിലെ പ്രമുഖ കമ്പനിയായ ഹൈബ് ഇന്ത്യ അടുത്ത ഘട്ട ഓഡിഷൻ പ്രഖ്യാപിച്ചു. 'ഹൈബ് ഇന്ത്യ ഓഡിഷൻ: ഫൈനൽ കോൾ' എന്ന പേരിലുള്ള ഓഡിഷനിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള യുവ പ്രതിഭകൾക്ക് അവസരം ലഭിക്കും. സെപ്റ്റംബർ 2 മുതൽ ഒക്ടോബർ 31 വരെ ഓൺലൈനായി അപേക്ഷിക്കാം. ലഖ്നൗ, ദിമാപൂർ, കൊഹിമ, ഷില്ലോങ്, ജയ്പൂർ, ഇൻഡോർ, ഗോവ, കൊച്ചി എന്നിവിടങ്ങളിലായി എട്ട് നഗരങ്ങളിൽ ഓൺഗ്രൗണ്ട് ഓഡിഷനും നടക്കും. ആദ്യഘട്ട ഓഡിഷനിൽ ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിലും ആറ് കേന്ദ്രഭരണ പ്രദേശങ്ങളിലും നിന്നായി നിരവധി അപേക്ഷകളാണ് ലഭിച്ചത്. 116 രാജ്യങ്ങളിലെ 1,650ലേറെ നഗരങ്ങളിൽനിന്നും ഇന്ത്യൻ പ്രവാസി സമൂഹത്തിൽനിന്നും പങ്കാളിത്തമുണ്ടായി. പുതിയ തലമുറയിലെ വനിതാ കലാകാരികളെ കണ്ടെത്തി ആഗോള വേദിയിലേക്ക് വളർത്തുകയാണ് ഓഡിഷന്റെ ലക്ഷ്യം.

# പുതിയ വെറ്റ് ആൻഡ് ഡ്രൈ വാക്വം പുറത്തിറക്കി ഡ്രീം

കൊച്ചി: സ്മാർട്ട് ഹോം ഉപകരണ നിർമാതാക്കളായ ഡ്രീം ടെക്നോളജി പുതിയ വെറ്റ് ആൻഡ് ഡ്രൈ വാക്വമായ എച്ച്12 ഡ്യുവൽ ഫ്ലെക്സ്റീച്ച് ഇന്ത്യയിൽ അവതരിപ്പിച്ചു. 44,999 രൂപ വിലയുള്ള ഉപകരണം ആമസോൺ, ഡ്രീമെയുടെ ഔദ്യോഗിക വെബ്സൈറ്റ്, ക്രോമ എന്നിവിടങ്ങളിൽ സെപ്റ്റംബർ മുതൽ ലഭ്യമാകും. തറ വൃത്തിയാക്കുന്നതിനൊപ്പം കാർപെറ്റ്, സോഫ, കർട്ടൻ, കീബോർഡ്, കാർ ഇന്റീരിയർ എന്നിവ വൃത്തിയാക്കാൻ സഹായിക്കുന്ന ആറ്ഇൻവൺ സംവിധാനമാണ് പ്രധാന സവിശേഷത. 23,000 പാസ്കൽ സക്ഷൻ ശേഷിയും 180 ഡിഗ്രി ലൈഫ്ലാറ്റ് രൂപകൽപ്പനയും ഉപകരണത്തിലുണ്ട്. 90 ഡിഗ്രി ചൂടുവെള്ളത്തിൽ സ്വയം വൃത്തിയാക്കുന്ന സംവിധാനവും വേർപെടുത്താവുന്ന ബാറ്ററിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷത്തെ വാറന്റിയും രാജ്യവ്യാപക വിൽപ്പനാനന്തര സേവന പിന്തുണയും കമ്പനി പ്രഖ്യാപിച്ചു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com